# ആമുഖം

തൃശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ് ഗവൺമെന്റ് യു.പി. സ്കൂൾ വല്ലച്ചിറ. ഈ വിദ്യാലയം 1878ൽ സ്ഥാപിതമായതാണ്. ഒരേക്കർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ 300ൽപ്പരം വിദ്യാർത്ഥികൾ അധ്യയനം നടത്തി വരുന്നു.

കലകളുടെയും നാടകത്തിന്റെയും ഈറ്റില്ലമായി ഗ്രാമത്തെ മാറ്റിയെടുക്കുന്നതിൽ ഈ വിദ്യാലയം വഹിച്ച പങ്ക് ചെറുതല്ല. ശ്രീ. എൻ.വി. കൃഷ്ണവാര്യർ മുതൽ ശ്രീമതി. ഉഷ നങ്ങ്യാർ വരെയുള്ള ഒട്ടനവധി പ്രഗത്ഭർ ഇവിടുത്തെ വിദ്യാർത്ഥികൾ ആയിരുന്നു.

പ്രീ പ്രൈമറി മുതൽ 7 വരെ ക്ലാസ്സുകളിലായി മുന്നോറോളം കുട്ടികൾ ഇവിടെ പഠിക്കുന്നു. പ്രധാന അധ്യാപികയെ കൂടാതെ 11 അദ്ധ്യാപകരും 1 അദ്ധ്യാപകേതര ജീവനക്കാരനും ഇവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട്.

ജില്ല-സബ്ബ് ജില്ല കായികമേളയിലും കലാമേളയിലും മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാലയം കായികമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് ട്രോഫികളും നേടി. നാട്ടുകാരുടെയും അദ്ധ്യാപകരുടെയും കൂട്ടായ പ്രവർത്തനങ്ങൾ വിദ്യാലയ പുരോഗതിയെ സഹായിക്കുന്നു.

സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളാണ് ഇവിടുത്തെ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പ്രതികൂലമായ ഗൃഹാന്തരീക്ഷം ചില കുട്ടികളുടെയെങ്കിലും പഠനത്തെ ദോഷകരമായി ബാധിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.

- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- സ്കൂളിനെ ടാലന്റ് ലാബ് ആയി വികസിപ്പിക്കും.
- ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കും.
- വിവിധ മത്സര പരീക്ഷകളെ അഭിമുഖീകരിക്കാനുള്ള ശേഷി വളർത്തിയെടുക്കും.
- വിദ്യാർത്ഥികളെ ശാസ്ത്രാവബോധം ഉള്ളവരാക്കി വളർത്തിയെടുക്കും.
- സാമൂഹ്യ തിന്മകൾക്കെതിരായി പ്രതികരിക്കാൻ പ്രാപ്തരായ ഒരു തലമുറയെ വാർത്തെടുക്കും.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കും.
- കുട്ടികൾക്കിടയിൽ ഇന്ത്യയുടെ സാംസ്ക്കാരിക പൈതൃകത്തെ കുറിച്ച് അഭിമാനബോധം വികസിപ്പിക്കാൻ ശ്രമിക്കും.
- വിവിധ ഭാഷകളിൽ സുഗമമായി ആശയവിനിമയം നടത്തുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കും.
- കാർഷികാഭിമുഖ്യമുള്ള ഒരു വിദ്യാർത്ഥി സമൂഹത്തെ വളർത്തിയെടുക്കും.
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുകയും അവരെ പൊതു ധാരയിലേക്ക് എത്തിക്കുകയും ചെയ്യും.
- വിവര സാങ്കേതിക വിദ്യയിലൂടെ വിവരശേഖരണം നടത്തുന്നതിനുള്ള കുട്ടിയുടെ കഴിവ് ഉറപ്പുവരുത്തും.
- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന് പരിശീലനം നൽകും.
- മറ്റ് വിഷയങ്ങളിലെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിത ശേഷികൾ നേടുന്നതിന് പ്രാപ്തരാക്കും.
- ലഹരി വിമുക്ത ബോധവത്ക്കരണ പരിപാടികളിൽ പങ്കാളികളാക്കും.



Scanned with OKEN Scanner

## മേഖല : അക്കാദമികം
## ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷ സുഗമമായി കൈകാര്യം ചെയ്യുന്നതിന് | പ്രീ ടെസ്റ്റ്<br>അക്ഷര കാർഡ്<br>പദസൂര്യൻ<br>വാക്യങ്ങൾ എഴുതൽ<br>അക്ഷര ചിത്രങ്ങൾ വരപ്പിക്കൽ<br>അസംബ്ലിയിൽ ഏതെങ്കിലും വിഷയം അവതരിപ്പിക്കൽ<br>ഭിന്നശേഷിക്കാർക്കായി അധിക സമയം പഠനം<br>മലയാളത്തിളക്കം | 3 മാസം | അദ്ധ്യാപകർ<br>പി.ടി.എ.<br>ഒ.എസ്.എ.<br>എം.പി.ടി.എ. | 500 രൂപ |
| വായനശേഷി വികസിപ്പിക്കുന്നതിന് | ചിത്ര കാർഡുകൾ<br>പദ കാർഡുകൾ<br>അടിക്കുറിപ്പുകൾ<br>റിലേ വായന<br>ബാല മാസികകൾ<br>ചിത്രകഥകൾ<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ | 10 മാസം | അദ്ധ്യാപിക<br>ലീഡർ<br>പി.ടി.എ.<br>ഒ.എസ്.എ.<br>എം.പി.ടി.എ.<br>ലൈബ്രേറിയൻ | 10,000/- |



Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | വിവരണങ്ങൾ<br>ദിനാചരണങ്ങൾ<br>വായനാമത്സരം<br>ബാലസഭാ സർഗ്ഗവേള സെമിനാറുകൾ<br>ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പോസ്റ്റർ നോട്ടീസ്<br>വായനാവാരം | 1 വർഷം | | |
| ലേഖനത്തിൽ മികവ് നേടുന്നതിന് | പ്രീ ടെസ്റ്റ്<br>കേട്ടെഴുത്ത്<br>വാക്യങ്ങൾ എഴുതൽ<br>ആസ്വാദന കുറിപ്പ്<br>കത്ത്<br>ആശംസാകാർഡ് തയ്യാറാക്കൽ<br>വിവരണം തയ്യാറാക്കൽ<br>പത്രം തയ്യാറാക്കൽ<br>മാഗസിൻ തയ്യാറാക്കൽ<br>ദിനാചരണങ്ങൾ<br>കഥാപൂരണം<br>കവിതാപൂരണം, കവിതാരചന<br>ചുമർ പത്രിക<br>സംവാദം സംഘടിപ്പിക്കൽ | 1 വർഷം | അദ്ധ്യാപകർ<br>പി.ടി.എ.<br>ഒ.എസ്.എ.<br>എം.പി.ടി.എ.<br>ലീഡർ | |



Scanned with OKEN Scanner

## മേഖല : അക്കാദമികം
## ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| Langauage acquistion through read, write and speak | പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരവും, ശേഷികളും കണ്ടെത്തുന്നു. 1-7 വരെയുള്ള കുട്ടികളെ ക്ലാസ്സടിസ്ഥാനത്തിൽ ഗ്രൂപ്പു കളായി തിരിക്കുന്നു.<br>അക്ഷരങ്ങൾ, വാക്കുകൾ, വാചകങ്ങൾ ഇവ ഉറപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു.<br>Spelling games, words cards sentence card കൾ ഇവയിലൂടെ പരിശീലനം നൽകുന്നു.<br>English Communicative skill പ്രോത്സാ ഹിപ്പിക്കുന്നു.<br>ICT സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Simple Poem Story ഇവ ICT ഉപയോഗിച്ച് കേൾപ്പിക്കുന്നു.എഴുതാൻ പരിശീലനം നൽകുന്നു. ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരിക്കുന്നു. അതിന്റെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്ത നങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കു ന്നു.<br>ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി ഇവ യിലൂടെ കുട്ടികൾ ഇംഗ്ലീഷ് ബുക്കുകൾ | Every Day 1 Period<br><br>June-August | ഇംഗ്ലീഷ് അദ്ധ്യാപകർ | 1000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | വായിക്കുവാൻ അവസരങ്ങൾ നൽകുന്നു. സർഗ്ഗവേള (UP) ഇവ ക്ലാസ്സ് തലത്തിൽ ആഴ്ചയിൽ ഒരു ദിവസം (മാസത്തിൽ ഒന്ന്) ഇംഗ്ലീഷിൽ നടത്തുന്നു. | ദീർഘ കാലം | അദ്ധ്യാപകർ | 1000/- |
| | ഇതിൽ Poems, Story Telling Description Book Review ഇവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ഇവയിലും പരിശീലനം നൽകുന്നു.<br>കുട്ടികൾക്ക് ഇംഗ്ലീഷ് ന്യൂസ് കേൾക്കാൻ അവസരം നൽകുന്നു. ക്ലാസ്സ് മാഗസിനുകൾ Poem Collection, Story Collection ഇവയും തയ്യാറാക്കുന്നു.<br>വിവിധതരം Speech കൾ പരിചയപ്പെടുത്തി അവ തയ്യാറാക്കുകയും മെച്ചപ്പെടുത്തി അവതരിപ്പിക്കാനും പരിശീലനം നൽകുന്നു.<br>Simple poems making, Strory Creation തുടങ്ങിയവയിലും പരിശീലനം നൽകുന്നു. സംഭാഷണ രൂപങ്ങളെ പരിചയപ്പെടുത്തൽ | ആഴ്ചയിൽ 2 ദിവസം ഓഗസ്റ്റ് മാർച്ച് ദീർഘ കാലം | ഇംഗ്ലീഷ് അദ്ധ്യാപകർ ഇംഗ്ലീഷ് ക്ലബ്ബ് | 100/- |



Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| Express English Language Effectively<br>Use English Language in Proper Context<br>Public Speaking | CD, Pictures ഇവ (ICT) ഉപയോഗിച്ച് Simple Conversation പരിശീലിപ്പിക്കുന്നു.<br>ഭിന്നശേഷിക്കാർക്ക് Simple words പറയാൻ പരിശീലനം നൽകുന്നു. 3-4 ക്ലാസ്സുകാർക്ക് ക്ലാസ്സുകളിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. ക്ലാസ്സ് റൂം Situation നൽകി 5-7 ക്ലാസ്സുകാർക്ക് Coffee Shop, Book stall, Railway station എന്നിങ്ങനെ Situation നൽകി Dialogues എഴുതി പെർഫോം ചെയ്യാൻ ഇംഗ്ലീഷ് ക്ലബ്ബ് മീറ്റിങ്ങുകളിലും ക്ലാസ്സ് റൂമിൽ അവസരം നൽകുന്നു.<br>Public Speaking ഏതെങ്കിലും Subject നൽകി സംസാരിക്കാൻ അവസരം നൽകുന്നു. പിന്നോക്കം നിൽക്കുന്നവർക്ക് കൂടുതൽ Importance നൽകി improve നൽകി ചെയ്യിക്കുന്നു. ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. | August - September<br>October - November<br>August - March | അദ്ധ്യാപകർ | |
| Improve Languages skills and develop Interest in English | ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കുന്നു | അവധി ക്കാലം ദീർഘകാലം | | 1,000/- |

## മേഖല : അക്കാദമികം
## ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന് സഹായകമാകണം | ▸ ചതുഷ്ക്രിയകൾ ഉറയ്ക്കാത്ത കുട്ടികളെ കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു. (2024 ജൂൺ - ജൂലൈ) | മദ്ധ്യകാലം 2024 ജൂൺ | ഗണിത അദ്ധ്യാപകർ | |
| എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടൽ | ▸ ഈ കുട്ടികൾക്ക് പ്രത്യേക പരിശീലനം (ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ, നവംബർ)<br>▸ വർക്ക് ഷീറ്റുകൾ, ICT<br>▸ ഗണിത കളികൾ<br>▸ ഗണിത പാട്ടുകൾ<br>▸ Post Test (2024 ഡിസംബർ)<br>▸ രക്ഷിതാക്കളെ വിളിച്ച് പഠന പുരോഗതി വിലയിരുത്തൽ<br>▸ GIFTTED മത്സരപരീക്ഷകളിലെ ഗണിത പരിശീലനം (ജൂൺ - നവംബർ)<br>▸ 2024 ജൂലായ് ഗണിത ലാബ് സജ്ജീകരണം | ഈ വർഷം മുഴുവൻ<br>1 വർഷം | ഗണിത അദ്ധ്യാപകൻ എച്ച്.എം.<br>ഗണിത ക്ലബ്ബ് കൺവീനർ | 500 രൂപ<br>500 രൂപ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തൽ | ▸ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് പാറ്റേണുകളുടെ നിർമ്മാണം (2024 ആഗസ്റ്റ്)<br>▸ കൃത്യതയോടെയും സൂക്ഷ്മതയോടെയുമുള്ള പാറ്റേൺ നിർമ്മാണ പരിശീലനം<br>▸ GIFTTED STUDENTS ന് മത്സരങ്ങളിൽ പങ്കെടുക്കാൻ അവസരം | ആഗസ്റ്റ് | ഗണിത അദ്ധ്യാപിക | 300/- |
| | ▸ GEOGEBRA ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ, Geometrical Pattern പരിശീലനം നൽകുന്നു. | ആഗസ്റ്റ് | | 5000 രൂപ |
| കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാക്കാൻ | ▸ മാസത്തിലൊരിക്കൽ ഗണിത ക്വിസ്<br>▸ മാസത്തിലൊരിക്കൽ ഗണിത അസംബ്ലി<br>▸ ഗണിത ലൈബ്രറി ഒരുക്കൽ | വർഷം മുഴുവൻ | ഗണിത അദ്ധ്യാപിക ഗണിത ക്ലബ്ബ് | 300/- |



Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗവേഷണ പ്രവർത്തനങ്ങൾക്ക് താല്പര്യമുണ്ടാക്കാൻ കുട്ടിയെ സഹായിക്കുന്നതായിരിക്കണം | ▸ ഗണിത വിസ്മയം MATHS FEST<br>▸ ഗണിത ക്ലബ്ബ് ആക്ടിവിറ്റി<br>▸ ക്ലബ്ബ് കൂടുന്ന ദിവസവും ഓരോ പാസിൽ ഗണിത പതിപ്പ് പ്രകാശനം<br>▸ ഗണിത മാഗസിൻ പ്രകാശനം<br>▸ ഓരോ യൂണിറ്റിനും സമഗ്രാസൂത്രണം സൂക്ഷ്മാസൂത്രണം<br>▸ എസ്.ആർ.ജി. അവതരണം<br>▸ പഠന നേട്ടങ്ങൾ നിശ്ചയിക്കൽ | വർഷം മുഴുവൻ | ഗണിത അദ്ധ്യാപിക, ഗണിത ക്ലബ്ബ് | |
| പ്രായാനുസൃതമായി പഠനശേഷികളും നേട്ടങ്ങളും കൈവരിക്കൽ | ▸ ഏറ്റവും നല്ല നോട്ട്ബുക്കിന് അംഗീകാരം<br>▸ ഓരോ യൂണിറ്റിനും അനുസൃതമായ ICT.<br>▸ ഗണിത കിറ്റ് നിർമ്മാണം - അതാതു ക്ലാസ്സുകളിൽ<br>▸ LP ക്ലാസ്സുകളിൽ ഉല്ലാസ ഗണിതം - ആഴ്ചയിൽ ഒരു ദിവസം | വർഷം മുഴുവൻ | | |



Scanned with OKEN Scanner

## മേഖല : അക്കാദമികം
## ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൗതുകം ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ▸ ശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഓരോ ക്ലാസ്സിലേയും നിരീക്ഷണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നു.<br>▸ നിരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു<br>▸ പ്രകൃതി നിരീക്ഷണം<br>▸ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ<br>▸ പരിസ്ഥിതി ക്വിസ്, ബഹിരാകാശ ക്വിസ്, ശാസ്ത്ര ക്വിസ് മുതലായവ ക്വിസ് പ്രോഗ്രാമുകൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ശാസ്ത്രാ ദ്ധ്യാപകൻ | 5000/- |
| ശാസ്ത്രത്തിന്റെ രീതി സ്വായത്തമാകുക പ്രയോഗിക്കുക | ▸ പരീക്ഷണങ്ങൾ രൂപകല്പന ചെയ്യൽ<br>▸ പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>▸ കുറിപ്പ് തയ്യാറാക്കൽ<br>▸ ഉപകരണങ്ങൾ നിർമ്മിക്കൽ<br>▸ ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കൽ<br>▸ ഓരോ കുട്ടിക്കും ശാസ്ത്ര കിറ്റ്, ശാസ്ത്ര മൂല<br>▸ ശാസ്ത്ര ലാബ് സജ്ജീകരണം | 6 മാസം | ശാസ്ത്രാ ദ്ധ്യാപകൻ | 5000/- |



Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ▸ പച്ചക്കറിത്തോട്ട നിർമ്മാണം<br>▸ ഔഷധസസ്യങ്ങൾ പൂച്ചെടികൾ എന്നിവ നട്ടുപിടിപ്പിക്കലും പരിപാലനവും<br>▸ പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | വർഷം മുഴുവൻ | HM, PTA, SRG, പഞ്ചായത്ത്<br>ECO Club | 5000/- |
| ശാരീരിക മാനസിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക | ▸ ശുചിത്വസേന രൂപീകരണം<br>▸ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു<br>▸ പോഷക സമൃദ്ധമായ ഉച്ചഭക്ഷണം<br>▸ കായിക പരിശീലനങ്ങളിലും കളികളിലും ഏർപ്പെടാനുള്ള അവസരം ഒരുക്കൽ<br>▸ രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ<br>▸ Self defence ക്ലാസ്സുകൾ സംഘടിപ്പിക്കുക<br>▸ ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, ഫ്ളാഷ് മോബുകൾ സംഘടിപ്പിക്കുക | 6 മാസം<br>വർഷം മുഴുവൻ | HM, PTA<br>ഉച്ചഭക്ഷണ കമ്മിറ്റി<br>SPG | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര വീക്ഷണം രൂപപ്പെടുത്തുക | ▸ ശാസ്ത്ര ക്ലബ്ബ് രൂപീകരണം<br>▸ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും സംഘടിപ്പിക്കുകയും ചെയ്യുക.<br>▸ ശാസ്ത്ര ലാബ് അടുക്കും ചിട്ടയുമായി ക്രമീകരിക്കുക.<br>▸ ഓരോ ക്ലാസ്സ് മുറിയിലും ശാസ്ത്ര മൂല ഒരുക്കുക.<br>▸ യു.പി. ക്ലാസ്സുകളിൽ ശാസ്ത്ര വിസ്മയ ചുമർ<br>▸ ശാസ്ത്ര ലൈബ്രറി സജ്ജീകരിക്കുന്നു<br>▸ ശാസ്ത്ര വാർത്തകൾ പ്രദർശിപ്പിക്കുക<br>▸ ICT സഹായത്തോടെയുള്ള ശാസ്ത്ര പഠനം<br>▸ ശാസ്ത്രോത്സവം, ശാസ്ത്രമേള എന്നിവ സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ<br><br>August | | |



Scanned with OKEN Scanner

## മേഖല : അക്കാദമികം
## ഉപമേഖല : സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാർലമെന്ററി ജനാധിപത്യ സമ്പ്രദായം പരിചയപ്പെടുത്തൽ | ഭരണഘടനയും പാർലമെന്ററി സമ്പ്രദായവും പരിചയപ്പെടുത്തുന്നതിന് സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് സംഘടിപ്പിക്കുന്നു.<br>തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളും കൃത്യമായി പാലിച്ചുകൊണ്ടുള്ള തിരഞ്ഞെടുപ്പ്. | ജൂൺ, ജൂലായ് | ക്ലാസ്സ് 3-7 | വോട്ടിംഗ് പ്രക്രിയ്ക്കാവശ്യമായ സാമഗ്രികൾക്കു വേണ്ട ചെലവ്, (വോട്ടേഴ്സ് സ്ലിപ്പ്, ഇങ്ക്, ബാലറ്റ് പേപ്പർ, ബോക്സ്) |
| ജനാധിപത്യ പ്രക്രിയകളോട് അനുകൂല മനോഭാവം രൂപം കൊള്ളുന്നു. | തെരഞ്ഞെടുപ്പിന്റെ ഘട്ടങ്ങൾ തിരിച്ചറിഞ്ഞ് കൊളാഷ്, ഫ്ളോ ചാർട്ട് എന്നിവയുടെ നിർമ്മാണം. | 1 മാസം | ക്ലാസ്സ് 5, 7 | |
| സാമൂഹിക ജീവിതം ശക്തിപ്പെടുത്തുന്ന മനോഭാവം സൃഷ്ടിക്കുക. സാമൂഹിക പ്രതിബന്ധത വളർത്തുക | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഉദാ: ലഹരി വിരുദ്ധദിനം, ജലദിനം, തുടങ്ങിയവ പൊതുസമൂഹത്തെ ബോധവത്ക്കരിക്കുന്നതിന് ആവശ്യമായ ക്ലാസ്സുകൾ സംഘടിപ്പിക്കുക. | ഒരാഴ്ച | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വം<br>SPG | 500/- |



Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ സാമൂഹ്യ ശാസ്ത്ര പഠനത്തി നായി പ്രയോജനപ്പെടു ത്തുക. | ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ കെജിയോഗ്രഫി ഉപയോഗപ്പെടുത്തുന്നു. ദിനാചരണങ്ങളു മായും ബന്ധപ്പെട്ട് ഐ.സി.ടി. സാദ്ധ്യത പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് അധ്യാപകർ, എസ്.എസ്. ടീച്ചർ, എച്ച്.എം. | |
| നിരീക്ഷണം, വിവരശേ ഖരണം, നിഗമനം രൂപീ കരിക്കൽ എന്നീ ശേഷി കൾ നേടുന്നതിന്. | പുരാതനകാലത്തെ ഉപകരണങ്ങളും മറ്റും ശേഖരിച്ച് പ്രദർശനം സംഘടിപ്പിക്കുക. | ഹ്രസ്വ കാലം | രണ്ടാം ടേം എൽ.പി., യു.പി തലത്തിൽ പ്രത്യേകം പ്രത്യേകം ശേഖ രിക്കൽ ക്ലാസ്സ് അധ്യാപിക | |



Scanned with OKEN Scanner

## അക്കാദമിക മാസ്റ്റർ പ്ലാൻ
## സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃത ഭാഷ അഭ്യസിക്കുന്നതിനും പ്രയോഗിക്കുന്നതിനും വിദ്യാർത്ഥികളിൽ താല്പര്യങ്ങളിൽ വർദ്ധിപ്പിക്കുക.<br><br>വിദ്യാർത്ഥികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കുക | അക്ഷരപഠനം ഉറപ്പാക്കുന്നതിന് അക്ഷരകാർഡുകൾ ചെറിയ ക്ലാസ്സ് മുതൽക്കേ തയ്യാറാക്കുന്നു. തുടർന്ന് അക്ഷരങ്ങൾ സംയോജിപ്പിച്ച് പദങ്ങൾ പദങ്ങളിലൂടെ ചെറിയ വാക്യങ്ങൾ, ചെറിയ കുറിപ്പുകൾ എന്നിവ തയ്യാറാക്കുവാൻ ആവശ്യമായ പരിശീലനം ചിട്ടയായും ക്രമമായും നൽകുന്നു. ഇതിന്റെ ഭാഗമായി പദകോശം, ശബ്ദകോശം, ചിത്രപദകോശം, സംഖ്യാകോശം, ചിത്രസംയോജനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു. | ഒരു അധ്യയനവർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനം<br><br>ഓരോ അധ്യയന വർഷത്തിലും ആവശ്യമായ പരിഷ്ക്കരണങ്ങൾ വരുത്തുന്നു. | സംസ്കൃതാധ്യാപകൻ, സംസ്കൃതം കൗൺസിൽ, പി.ടി.എ. | 1000 രൂപ (ഒരു വർഷത്തേക്ക്) |
| | **വിവിധ സംസ്കൃത പ്രദർശിനികൾ** | | | |
| സംസ്കൃതഭാഷയിലെ പദസമ്പത്തും, സാഹിത്യപരിപുഷ്ടിയും മനസ്സിലാക്കുക. | നിത്യോപയോഗ വസ്തുക്കളുടെ സംസ്കൃതപേരുകൾ സഹിതം പ്രദർശനം സംഘടിപ്പിക്കുന്നു. | ഓരോ അധ്യയന വർഷങ്ങളിലും പരിഷ്ക്കരണങ്ങളോടെ സംഘടിപ്പിക്കുന്നു. | | 1500 രൂപ (ഒരു വർഷത്തേക്ക്) |



Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളുടെ സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കുക<br><br>വിവിധരചനാ മത്സരങ്ങളിൽ മികവ് പുലർത്തുന്നതിന് | കഥ, കവിത, ഉപന്യാസം സമസ്യപൂരണം തുടങ്ങി വിദ്യാർത്ഥികളുടെ രചനാവൈഭവം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിശീലനം ചിട്ടയായും ക്രമമായും നൽകുന്നു. അതിനായി ഉപയോഗപ്രദങ്ങളായ പുസ്തകങ്ങളും മറ്റും സംഘടിപ്പിക്കുന്നു. നൽകുന്നു. | ദീർഘകാലം (കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു) | സംസ്കൃതാധ്യാപകൻ. പിടിഎ. | 3000/ |



Scanned with OKEN Scanner

## മേഖല : അക്കാദമികം
## ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും, എഴുതാനും, ആശയവിനിമയം നടത്താനുമുള്ള ശേഷി വികസിപ്പിക്കാൻ | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. കയ്യെഴുത്ത് കോപ്പി ശീലമാക്കുക, ദൈനംദിനവാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കുവാനുള്ള അവസരം നൽകുക | ദീർഘ കാലം | ഹിന്ദി അധ്യാപിക, പിടി.എ | |
| | ഹിന്ദിയിലുള്ള ഡയറികുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. പ്രീടെസ്റ്റ് നടത്തുക. ഹിന്ദി അസംബ്ലി നടത്തുക | | | |
| ഹിന്ദി ക്ലബ്ബ് രൂപീകരണം | ഹിന്ദി ദിനാചരണം സമുചിതമായി സംഘടിപ്പിക്കുക. ക്ലബ്ബുകൾ തമ്മിൽ വിവിധ മത്സരങ്ങൾക്കുള്ള അവസരം | | | |
| | ഹിന്ദി പണ്ഡിതരുമായി സംവദിക്കാനുള്ള അവസരം ഒരുക്കുക. ഹിന്ദി ലൈബ്രറി രൂപീകരിക്കുക. | മധ്യകാലം | പ്രധാനധ്യാപിക ഹിന്ദി അധ്യാപിക, പിടി.എ | 5000 രൂപ |
| | ഹിന്ദി പദ്യം, കഥ, കവിത, പ്രസംഗം, നാടകം, സ്കിറ്റ് എന്നീ ഇനങ്ങളിൽ തീവ്രപരിശീലനം | ദീർഘ കാലം | ഹിന്ദി അധ്യാപിക, പിടി.എ | 1000 രൂപ |

## മേഖല : അക്കാദമികം
## ഉപമേഖല : പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | തുണിയിൽ ചിത്രം വര | 6 മാസം | അധ്യാപിക | 2000 - തുണി പെയിന്റ് |
| സബ് ജില്ല റവന്യൂ ജില്ലാ മത്സരങ്ങൾക്ക് പ്രാപ്തരാക്കുക | എമർജൻസി ലാമ്പ് നിർമ്മാണം<br>വെജിറ്റബിൾ പ്രിന്റിംഗ്<br>ഫേബ്രിക് പെയിന്റിംഗ് | 6 മാസം | പി ടി എ | 2000 - പച്ചക്കറികൾ, തുണി, പെയിന്റ് |
| വിവിധ കഴിവുകൾ കണ്ടെത്തി പ്രോത്സാഹനം നൽകുക. | ചോക്ക് നിർമ്മാണം<br>ചന്ദനത്തിരി നിർമ്മാണം<br>സോപ്പ് നിർമ്മാണം<br>ചവിട്ടി നിർമ്മാണം<br><br>പേപ്പർ ബാഗ്<br>പാഴ്വസ്തു ഉല്പന്നങ്ങൾ | 1 വർഷം | ഒ എസ് എ<br>പി.ടി.എ. | 2000 - ചോക്ക് പൊടി മോൾഡ്<br>2000 - ചന്ദനത്തിരിപൊടി<br>1000 - മോൾഡ് കിറ്റ്, വെളിച്ചെണ്ണ<br>4500 - പേപ്പർ, പശ |

## മേഖല : അക്കാദമികം
## ഉപമേഖല : കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ തലത്തിലും സബ് ജില്ല തലത്തിലും റവന്യൂ ജില്ലാതലത്തിലും മികവ് പുലർത്താനായി കുട്ടികളെ പ്രാപ്തരാക്കുക | കമ്മിറ്റി രൂപീകരണം | ജൂൺ | അധ്യാപകർ PTA, SMC, MPTA, SSG | ലഘുഭക്ഷണം - 50 x 200 - 10000 |
| | വിവിധ കായിക ഇനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് | ജൂലൈ | | Trainer - 4000 |
| | മികവ് പുലർത്തുന്ന ഇനങ്ങൾ കണ്ടെത്തി പരിശീലനം | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | Trainer teachers | Banner - 2000<br>Uniform - 50 x 500 = 25000 |
| | സ്പോർട്ട്സ് ക്ലബ്ബ് രൂപീകരണം<br>മാർച്ച് പാസ്റ്റ് ട്രെയിനിംഗ് നൽകുക.<br>ബാന്റ് സെറ്റ് ട്രെയിനിംഗ് | ജൂൺ തുടർച്ച | Teachers, students | Pit - 2500 |
| | പരിശീലനത്തിനുള്ള കുട്ടികൾക്ക് ലഘു ഭക്ഷണം നൽകുക | ജൂൺ മുതൽ മാർച്ച് വരെ | PTA, MPTA Teachers | Sports ഉപകരണങ്ങൾ 50000<br>School sports - 1000<br>Sub district - 2000 |



Scanned with OKEN Scanner

## മേഖല : അക്കാദമികം
## ഉപമേഖല : കല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാവിന്റെ നൈസർഗ്ഗികമായ കലാവാസനകൾ തിരിച്ചറിയുക | കലാപഠനത്തിനാവശ്യമായ ക്ലാസ്സ് റൂം സൗകര്യങ്ങൾ, പ്രകടനത്തിനും പ്രദർശനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക. | 3 മാസം | കലാവാസനയോട് കൂടുതൽ താല്പര്യമുള്ള അധ്യാപകരെ ചുമതലപ്പെടുത്തുക | 5000 രൂപ |
| 2. വിവിധങ്ങളായ കലകളെ അറിയുന്നതിനും, കുട്ടിയുടെ അഭിരുചിക്കനുസരിച്ച് അഭ്യസിക്കുന്നതിനുമുള്ള അവസരങ്ങളൊരുക്കുക | ചിത്രകല, സംഗീതം, നൃത്തം, നാടകം തുടങ്ങിയ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള നിരവധി വേദികൾ സജ്ജമാക്കുക. സർഗവേള, അസംബ്ലി, ക്ലബ്ബുകൾ<br><br>നാടക ക്യാമ്പ് സംഘടിപ്പിക്കുക | 7 മാസം | ചിത്രകലകൾക്ക് അതിനനുയോജ്യമായതും, സംഗീതത്തിന് സംഗീത അധ്യാപികയും, നൃത്തത്തിന് നൃത്താധ്യാപികയും വേണം | 25000 രൂപ |



Scanned with OKEN Scanner